(ഡി) പാത നിർമ്മാണത്തിലെ അപാകതകൾ, കൺസഷൻ എഗ്രിമെന്റിലെ നിബന്ധനകൾക്കുള്ളിൽ നിന്നുകൊണ്ട് പരിഹരിക്കുവാനും നിർമ്മാണ പ്രവൃത്തികൾ മൂലമുള്ള ജനങ്ങളുടെ അസൗകര്യങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും കരാർ ഏറ്റെടുത്ത കമ്പനിക്കും നാഷണൽ ഹൈവേ അതോറിറ്റിക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

വൈപ്പിൻ പള്ളിപ്പുറം റോഡിലെ കാന നിർമ്മാണം

150 (2646) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണാനുമതി ലഭിച്ചിട്ടുള്ളതും ഇതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതുമായ വൈപ്പിൻ പള്ളിപ്പുറം റോഡിലെ കാന നിർമ്മാണം, കൈമൾച്ചിറ റോഡ്, എളങ്കുന്നപ്പുഴ-കിഴക്കെ ആറാട്ടുവഴി-കർത്തേടം റോഡ്, കുട്ടുങ്ങൽ-അടപ്പ് റോഡ് എന്നീ പ്രവൃർത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഓരോ പ്രവൃത്തിയും ഏറ്റെടുത്തിരിക്കുന്ന കരാറുകാർ ആരെല്ലാമാണെന്നും കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട സമയപരിധി എന്നുവരെയെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം - I ആയി ചേർക്കുന്നു.*

(സി) പ്രസ്തുത പ്രവൃത്തികൾ തീർക്കുവാനുള്ള സമയപരിധി കഴിഞ്ഞിട്ടില്ല. എത്രയും വേഗം പണികൾ പൂർത്തിയാക്കുവാൻ കരാറുകാർക്ക് നോട്ടീസ് അയച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എളങ്കുന്നപ്പുഴ കിഴക്കേ ആറാട്ട വഴി കർത്തേടം റോഡിന്റെ കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല. മറ്റുള്ളവയുടെ പണി പുരോഗമിച്ചുവരുന്നുണ്ട്. കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽതന്നെ പ്രവൃത്തികൾ പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷ.

എടപ്പാളിലെ ഫ്ലൈ ഓവർ നിർമ്മാണം

151 (2647) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ എടപ്പാളിൽ ഫ്ലൈ ഓവർ നിർമ്മിക്കാൻ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ടെൻണ്ടർ എന്നാണ് കഴിഞ്ഞിട്ടുള്ളത് ;

(സി) ടെൻഡർ എടുത്ത വ്യക്തിയുടെ പേരും വിലാസവും നൽകാമോ ;

(ഡി) പ്രസ്തുത വ്യക്തിയും സർക്കാരും തമ്മിൽ കരാറിൽ ഒപ്പ് വച്ചിട്ടുണ്ടോ ;

(ഇ) പ്രസ്തുത നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(എഫ്) പ്രസ്തുത പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-എഫ്) എടപ്പാൾ ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന് "സ്പീഡ് കേരള" പദ്ധതിയിൽ പെടുത്തി 22-2-2014-ലെ സർക്കാർ ഉത്തരവ് നമ്പർ (എംഎസ്.) 18/2014/പൊ.മ.വ. പ്രകാരം 21 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് സ്പീഡ് കേരളയിൽ ഉൾപ്പെട്ട 5 പദ്ധതികൾക്ക് മാത്രമാണ് ഉടനെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ ധനവകുപ്പ് അനുമതി നൽകിയത്. സ്പീഡ് കേരളയിലെ എല്ലാ പദ്ധതികളും ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly